## പത്രക്കുറിപ്പ്

## കനിവോടെ കൊല്ലം

സമീപകാലത്തുണ്ടായ പ്രളയക്കെടുതിയിൽപ്പെട്ട് സംസ്ഥാനത്തെ പല ജില്ലകളിലേയും ജനങ്ങൾ പറഞ്ഞറിയിക്കാനാവാത്ത കഷ്ടപ്പാടുകൾക്കും ദുരിതങ്ങൾക്കും നടുവിലാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് സ്വന്തം വീടും വസ്തുവകകളും ഉപേക്ഷിച്ച് സർക്കാർ ഒരുക്കിയിരിക്കുന്ന ദുരിതാശ്വാസ കേന്ദ്രങ്ങളിൽ അഭയം തേടേണ്ടി വന്നിരിക്കുന്നു. പല ജില്ലകളിലും പ്രളയജലം ഇനിയും ഇറങ്ങിത്തുടങ്ങിയിട്ടില്ല. സ്വന്തം വസ്ത്രങ്ങളും ഗൃഹോപകരണങ്ങളും പോലും, എന്ന് വേണ്ട ഒരായുസിൽ സ്വരുക്കൂട്ടിയ എല്ലാ വസ്തുക്കളും പ്രളയജലം കവർന്നെടുത്തിരിക്കുകയാണ്. ദുരന്തബാധിതർക്ക് സംസ്ഥാന സർക്കാർ കഴിവിൻറെ പരമാവധി സഹായങ്ങൾ എത്തിക്കാൻ ശ്രമിക്കുന്നുണ്ട്. .

ഇത്തരം ഒരു ദുരന്ത സാഹചര്യത്തിൽ നമ്മുടെ ജില്ലയിലെ ജനങ്ങളും കഷ്ടതയനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ഒരു കൈത്താങ്ങാവേണ്ടതുണ്ട്. നമ്മുടെ ഒരു എളിയ സഹായം ദുരിതമനുഭവിക്കുന്നവർക്ക് ഒരു വലിയ അനുഗ്രഹവും ആശ്വാസവുമായിരിക്കും.ജില്ലയിലെ വിവിധ വ്യക്തികളും സന്നദ്ധ സംഘടനകളും ഇതിനകം തന്നെ ദുരിതമനുഭവിക്കുന്നവർക്കു സഹായം നേരിട്ട് എത്തിച്ചിട്ടുണ്ട് . കൂടാതെ പല വ്യക്തികളും സംഘടനകളും സഹായമെത്തിക്കാനുള്ള അവരുടെ സന്നദ്ധത ജില്ലാ ഭരണകൂടത്തെ അറിയിച്ചിട്ടുമുണ്ട് . ഈ സാഹചര്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച്നമുക്ക്സാധന സാമഗ്രികൾ ശേഖരിച്ച്ദുരിതബാധിതർക്ക് എത്തിച്ച് കൊടുക്കാനായാൽ അവർ വീടുകളിലേക്ക് മടങ്ങുമ്പോൾ അവരുടെ സാധാരണ ജീവിതം പുനരാരംഭിക്കുന്നതിന് അത് ഒരു വലിയ അനുഗ്രഹമായിരിക്കും .പ്രളയക്കെടുതികൾ നേരിടുന്ന പല ജില്ലകളിലേയും കളക്ടർമാർ അപ്രകാരം അഭ്യർത്ഥന നടത്തിയിട്ടുമുണ്ട്. ഇപ്രകാരമുള്ള അഭ്യർത്ഥനകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അവശ്യവസ്തുക്കൾ ആണ് ഇനി വേണ്ടി വരുന്നത്.

1. ബെഡ്ഷീറ്റ് , ബ്ലാങ്കറ്റ്, ടൗവൽ,
2. സ്റ്റീൽ പ്ലേറ്റ്, സ്പൂൺ, ഗ്ലാസ് തുടങ്ങി പാചകം ചെയ്യുന്നതിനാവശ്യമായ മറ്റ് അലുമിനിയം/ സ്റ്റീൽ പാത്രങ്ങൾ.
3. സോപ്പ്, പേസ്റ്റ്, ടൂത്ത് ബ്രഷ്, വാഷിംഗ് പൗഡർ, ബക്കറ്റ്
4. സാനിറ്ററി നാപ്കിൻ,ഡയപർ
5. നോട്ട്ബുക്ക്, പേന പെൻസിൽ, സ്കൂൾ ബാഗ്, വാട്ടർബോട്ടിൽ
6. ചൂൽ, ചെരിപ്പ്

മേൽ പറഞ്ഞവ ഉൾപ്പെടുന്ന വസ്തുക്കൾ ശേഖരിച്ച് പ്രളയബാധിത ജില്ലകളിൽ എത്തിക്കാൻ കൊല്ലം ജില്ലാ കളക്ടേറ്റിലും, ജില്ലയിലെ 6 താലൂക്ക് ഓഫീസുകളിലും കൗണ്ടർ സംവിധാനം ഒരുക്കിയിട്ടുണ്ട്. അവയുടെ ഫോൺ നമ്പരുകൾ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| കളക്ടേറ്റ് | - | 1077, 9447677800, |
| കൊല്ലം താലൂക്ക് | - | 0474-2742116 , |

DC - 9447795500

ADM - 8547610026

HS - 8547610032

| | | |
|---|---|---|
| കൊട്ടാരക്കര | - | 0474-2454623 (off) |
| പുനലൂർ | - | 0475-2222605 |
| പത്തനാപുരം | - | 0475-2350090 |
| കരുനാഗപ്പള്ളി | - | 0476-2620223 |
| കുന്നത്തൂർ | - | 0476-2830345 . . |

കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് സംഭാവന ചെയ്യുവാൻ ഉദ്ദേശികുന്നവർക്ക് താഴെ പറയുന്ന വിലാസത്തിൽ ചെക്ക് , ഡ്രാഫ്റ്റ് എന്നിവ അയക്കാവുന്നതാണ്.

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം), ട്രഷറർ
മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 1.

സംഭാവന ഓൺലൈൻ ആയി ട്രാൻസ്ഫർ ചെയ്യുവാൻ ഉദ്ദേശിക്കുന്നവർക്ക് താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടിലേക്ക് തുക വകമാറ്റാവുന്നതുമാണ്

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
സിറ്റി ബ്രാഞ്ച്
അക്കൗണ്ട്നമ്പർ : 67319948232
IFSC Code: SBIN0070028

ജില്ലയിലെ എല്ലാ ജനങ്ങളുടേയും സഹകരണം ഇക്കാര്യത്തിൽ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

(ഒപ്പ് )

ഡോ. എസ്. കാർത്തികേയൻ ഐഎഎസ്,
ജില്ലാ കളക്ടർ, കൊല്ലം.

ജില്ലാ കളക്ടർക്ക് വേണ്ടി

ജൂനിയർ സൂപ്രണ്ട്(ദുരന്തനിവാരണം )